(ബി) എങ്കിൽ ഏറ്റവും പ്രചാരമേറിയതും അതേ സമയം അവഗണിക്കാനാവാത്ത മൂല്യവ്യത്യാസമുള്ളതുമായ ഈ രണ്ട് കറൻസികൾക്ക് പ്രകടമായ വ്യത്യസ്തത രൂപത്തിലും വർണ്ണത്തിലും അനിവാര്യമാണെന്ന വസ്തുത റിസർവ് ബാങ്കിന്റെയും കേന്ദ്ര ധനമന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

21 (1470) ലോട്ടറികൾ നിരോധിക്കുന്ന നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറികൾ നിരോധിക്കാനുള്ള കേന്ദ്രസർക്കാരിന്റെ ആലോചന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേരള ഗവൺമെന്റ് ലോട്ടറി കൊണ്ട് എത്ര കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്;

(സി) ലോട്ടറിയുമായി ബന്ധപ്പെട്ട് കേരളത്തിൽ എത്ര ഏജൻസികളുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ 112 കോടി രൂപ മൊത്തവരുമാനം ലഭിച്ചിട്ടുണ്ട്.

(സി) ലോട്ടറിയുമായി ബന്ധപ്പെട്ട് 31,680 പേർ ഏജന്റുമാരായി നിലവിലുണ്ട്.

22 (1471) ലോട്ടറി നിരോധനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ ലോട്ടറി നിരോധിച്ചാൽ സർക്കാരിന്റെ റവന്യൂ വിനേയും ലോട്ടറി ഏജന്റുമാരുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുമെന്നിരിക്കെ ലോട്ടറി നിരോധനം പാടില്ലെന്ന സർക്കാർ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ലോട്ടറി നിരോധനം പാടില്ലെന്ന് സർക്കാർ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

23 (1472) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനരീതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനരീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പിൽ ആകെ എത്ര ജീവനക്കാരാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതൊക്കെ തസ്തികകളാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1956 ലെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ആക്ടിന്റെ 44 (എഫ്) വകുപ്പ് പ്രകാരവും 1972 ലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ് (നാഷണലൈസേഷൻ) ആക്ടിന്റെ (36) (i) (a) പ്രകാരവുമാണ് സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ബിസിനസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലൂടെ നടത്തുന്നത്. ഇതനുസരിച്ച് സർക്കാർ ജീവനക്കാരുടെ ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളും ജനറൽ ഇൻഷ്വറൻസ് മേഖലയിൽ സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള മോട്ടോർ, ഫയർ, മറൈൻ, മറ്റു പലവക (ബർഗ്ളറി ഗ്രൂപ്പ്, പേഴ്സണൽ ആക്സിഡന്റ്, എഞ്ചിനീയറിംഗ്, മെഷീനറി ബ്രേക്ക്ഡൗൺ, പേഴ്സണൽ ആക്സിഡന്റ് മുതലായവ)യും വിള ഇൻഷ്വറൻസും വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമ നിധിയും ആണ് ഈ വകുപ്പിലൂടെ സംസ്ഥാനസർക്കാർ കൈകാര്യം ചെയ്യുന്ന പ്രധാന ഇൻഷ്വറൻസ് പദ്ധതികൾ

(ബി) ഈ വകുപ്പിൽ ആകെ 304 ജീവനക്കാരാണ് ഉള്ളത്.

(സി) ഉണ്ട്.

(ഡി) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ നിലവിലുള്ള സ്ഥിതി വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ.വി. രവീന്ദ്രൻ നായരെ ചുമതലപ്പെടുത്തുകയും, റിപ്പോർട്ട് 1994 ആഗസ്റ്റ് മാസം 2-ാം തീയതി സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചു വരുന്നു. ഇൻഷ്വറൻസ് വകുപ്പിലെ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് 11.9.95 ലെ സർക്കാർ ഉത്തരവ് നമ്പർ 567/98/ധനപ്രകാരം സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസുമായി ബന്ധപ്പെട്ടതും മറ്റു ശാഖകളിലുള്ളതുമായ നല്ലൊരു വിഭാഗം ജോലികളും ജില്ലാ ഇൻഷ്വറൻസ് ഓഫീസർമാരിലേക്ക് മാറ്റുകയും 1.4.98 മുതൽ ഈ അധികാരങ്ങൾ നടപ്പിലാക്കി വരുകയുമാണ്. ഇപ്പോൾ എല്ലാ ജില്ലകളിലും ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. 8.2.99-ലെ സർക്കാർ ഉത്തരവു നമ്പർ 417/99/ധനപ്രകാരം മതിയായ ജീവനക്കാരെയും ജില്ലാ ഓഫീസുകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

145/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 8.2.98 ലെ ജി.ഒ.(എം.എസ്) 417/99 ധനനമ്പർ ഉത്തരവു പ്രകാരം ഈ വകുപ്പിൽ 70 പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്)	ഡെവലപ്പ്മെന്റ് ഓഫീസർ	14
	ലോവർ ഡിവിഷൻ ക്ലാർക്ക്	28
	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	14
	ശിപായി	14
	ആകെ	70

24 (1473) പെൻഷൻ പരിഷ്കരണം

ശ്രീ. എ. അലിഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പരിഷ്കരണ ഉത്തരവിലെ അപാകതകൾ സംബന്ധിച്ച് കേരളാ സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയ 1.3.97 മുതൽ പെൻഷണേഴ്സിന് ലഭിക്കേണ്ടതായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിശോധിച്ച് ആവശ്യമായ ഉത്തരവ് നൽകാൻ തയ്യാറാകുമോ;

(ഇ) മെഡിക്കൽ അലവൻസ് 50 രൂപയിൽ നിന്നും 1.3.97 മുതൽ 100 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

25 (1474) ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി മുൻപാകെ എത്ര സർവീസ് സംഘടനകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

(ബി) നിവേദനം നൽകിയ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ? എങ്കിൽ ചർച്ച എന്ന് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly